പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 714 | 10.02.2016 ൽ മറുപടി നല്കേണ്ടത്. |
|---|---|

**മായം കലർന്ന ഭക്ഷണ പാനീയങ്ങളുടെ നിരോധനം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.പി.കെ.ബഷീർ** | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് വിപണനം ചെയ്യുന്ന ഭക്ഷണ പാനീയങ്ങൾ, പഴങ്ങൾ, പച്ചക്കറികൾ, പാൽ, മാംസം എന്നിവയിൽ വ്യാപകമായ തരത്തിൽ മായം ചേരുന്നതായും, കീടനാശിനികൾ അമിതമായി ഉപയോഗിക്കപ്പെടുകയുമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | എങ്കിൽ ഇവ കണ്ടെത്തുന്നതിനും, തടയുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ; | ബി) | സംസ്ഥാനത്ത് വിപണനം ചെയ്യപ്പെടുന്ന ഭക്ഷണപാനീയങ്ങൾ, പഴങ്ങൾ, പച്ചക്കറികൾ, പാൽ, മാംസം തുടങ്ങിയവയുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ഇത്തരം ഭക്ഷ്യപദാർത്ഥങ്ങളുടെ ഇൻഫോർമൽ സാമ്പിളും ഫോർമൽ സാമ്പിളും ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള തിരുവനന്തപുരം, എറണാകുളം,കോഴിക്കോട് ലബോറട്ടറികളിൽ പരിശോധനയ്ക്ക് വിധേയമാക്കുകയും കുറ്റക്കാർക്കെതിരെ 2006 ലെ ഫുഡ് സേഫ്റ്റി & സ്റ്റാൻഡേഴ്സ് ആക്ട് പ്രകാരം നിയമനടപടി സ്വീകരിക്കുകയും പിഴയീടാക്കുകയും ചെയ്യാറുണ്ട്.<br>കൂടാതെ അന്യസംസ്ഥാനങ്ങളിൽ നിന്നുൾപ്പെടെ കൊണ്ടുവരുന്ന എല്ലാത്തരം ഭക്ഷ്യോൽപന്നങ്ങളുടെയും സാമ്പിളുകൾ ചെക്ക്പോസ്റ്റുൾപ്പെടെയുള്ള സ്ഥലങ്ങളിൽ നിന്നും ശേഖരിച്ച് ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ കീഴിലുള്ള തിരുവനന്തപുരം,എറണാകു |

| | | | |
|---|---|---|---|
| | | | ളം,കോഴിക്കോട് എന്നി ജില്ലകളിലുള്ള അനല റ്റിക്കൽ ലാബുകളിലും കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള പെസ്റ്റിസൈഡ് റസിഡ്യൂ ടെസ്റ്റിംഗ് ലാബി ലേക്കും അയച്ച് പരിശോധിക്കാറുണ്ട്. <br> നിശ്ചിത ഇടവേളകളിൽ ചെക്ക് പോസ്റ്റു കൾ, മൊത്ത ചില്ലറ വ്യാപാര കേന്ദ്രങ്ങൾ, തുടങ്ങിയ സ്ഥലങ്ങളിൽ പരിശോധന നടത്തി സാമ്പിളുകൾ ശേഖരിക്കുകയും ഈ സ്ഥല ങ്ങളിൽ പരിശോധന നടത്തുന്നതിനായി സ്പെഷ്യൽ സ്ക്വാഡുകളെയും നിയമിച്ച് ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം 2006, അനുബന്ധ ചട്ടങ്ങളും അനുസരിച്ച് നിയമന ടപടികൾ സ്വീകരിച്ചി ട്ടുണ്ട്. |
| സി) | ഇത സംബന്ധിച്ച് ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടന്ന യോഗത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്? | സി) | മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ആരോഗ്യ വകുപ്പ് മന്ത്രിയുടെ സാന്നിധ്യത്തിൽ 18.11.2014 ൽ വിളിച്ചുചേർത്ത യോഗത്തിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അന്യസംസ്ഥാനങ്ങളിൽ നിന്ന് കേരളത്തി ലേക്ക് കൊണ്ടുവരുന്ന പഴങ്ങളുടെയും പ ച്ചക്കറികളുടെയും മറ്റ് ഭക്ഷ്യപദാർത്ഥങ്ങളി ലെയും അമിതകീടനാശിനിയുടെ ഉപയോഗം നിയന്ത്രിക്കുന്നതിനായി ഭക്ഷ്യസുരക്ഷാ കമ്മീഷണർ ചെയർപേഴ്സനായി കൃഷി, മൃഗസംരക്ഷണം എന്നീ വകുപ്പുകളിലെ ഡയറക്ടർമാർ, വെള്ളായണി കാർഷിക കോളേജിലെ പ്രൊഫ. ഡോ.ബിജുതോമസ് മാത്യൂ, വാണിജ്യനികുതി വകുപ്പ് ജോയിന്റ് കമ്മീഷണർ അംഗങ്ങളായ ഒരു ഉന്നതതല കമ്മിറ്റി സർക്കാർ ഇതിനകം രൂപീകരിച്ചിട്ടുണ്ട്. ടി ഉന്നതതലകമ്മിറ്റിയുടെ തീരുമാനപ്രകാരം ഭക്ഷ്യസുരക്ഷാ ജോയിന്റ് കമ്മീഷണറുടെ നേതൃത്വത്തിൽ മൂന്നംഗ ഉദ്യോഗസ്ഥ സംഘം തമിഴ്നാട്ടിലെ പ്രധാനപ്പെട്ട പച്ചക്കറി ഉൽപ്പാദന മൊത്തവിതരണക്കച്ചവട മേഖലകൾ നേരിട്ട് സന്ദർശിച്ച് റിപ്പോർട്ട് സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. ടി റിപ്പോർട്ട് ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ വിളിച്ച ചേർത്ത ഉന്നതതലയോഗം പരിശോധിക്കുകയും പ്രസ്തുത വിഷയത്തിന്റെ ഗൗരവം ഉൾക്കൊണ്ട് അയൽ സംസ്ഥാന മുഖ്യമന്ത്രിമാർക്ക് ബഹു. മുഖ്യമന്ത്രി കത്തെഴുതുകയും ചെയ്തു. തുടർനടപടികളുടെ |

| | | | |
|---|---|---|---|
| | | | ഭാഗമായി അന്തർസംസ്ഥാന ചെക്ക്പോസ്റ്റ് കേന്ദ്രീകരിച്ച് സംസ്ഥാനത്തേക്ക് കൊണ്ടു വരുന്ന പച്ചക്കറികളുടെ കൂടുതൽ വിശദാംശങ്ങൾ തേടുന്നതിനായി വിൽപ്പന നികുതി വകുപ്പിന്റെ സേവനവും തേടിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ വിപണികളിൽ നിന്ന് കൃഷിവകുപ്പ് ഉദ്യോഗസ്ഥരുടെ കൂടി സേവനം ഉപയോഗപ്പെടുത്തി കൂടുതൽ പച്ചക്കറി സാമ്പിളുകൾ ശേഖരിക്കുവാനും ഇതിനകം നിർദ്ദേശം നൽകിയിട്ടുണ്ട്. ടി വിഷയവുമായി ബന്ധപ്പെട്ട തമിഴ്നാട്ടിലെ ഭക്ഷ്യസുരക്ഷാ കമ്മീഷണറും കൃഷിവകുപ്പുമായി കൂടുതൽ വിപുലവും ക്രിയാത്മകമായ ചർച്ച ഉടൻതന്നെ സംഘടിപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ